(13) 1.1.97 മുതൽ 14.8.98 വരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാരുടെ സേവനം സ്ഥിരപ്പെടുത്തി.

(ബി) മന്ദബുദ്ധികളുടെ വിദ്യാഭ്യാസത്തിനും സംരക്ഷണത്തിനും പുനരധിവാസത്തിനുമായി സന്നദ്ധസംഘടനകൾ നടത്തുന്ന 200 ൽ പരം സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടുകൂടി മന്ദബുദ്ധികളുടെ വിദ്യാഭ്യാസത്തിനായി 103 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ 23.11.95 ലെ ജി.ഒ. (എം.എസ്) 45/95/ ഉത്തരവു മുഖേന പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്നു. സി.എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ഹാന്റ് ക്യാപ്പ്ഡ് എന്ന സ്ഥാപനം ദേശീയ സ്ഥാപനമായി ഉയർത്തുന്നതിന്റെ മുന്നോടിയായി ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത വിവിധ വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

(സി) ഇല്ല.

29 (*149) കശുവണ്ടി ഇറക്കുമതി

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിക്ക് ന്യായമായ താങ്ങുവില പ്രഖ്യാപിക്കുവാനോ കാപ്പെക്സിനും കാഷ്യൂ കോർപ്പറേഷനും വേണ്ടി തോട്ടണ്ടി സംഭരിക്കുവാനോ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഏറ്റവും അവസാനമായി കാഷ്യൂ കോർപ്പറേഷനും കാപ്പെക്സും വിദേശത്ത് നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്തത് എന്നാണെന്നും എത്ര കശുവണ്ടി ഇറക്കുമതി ചെയ്തെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇപ്രകാരം ഇറക്കുമതി ചെയ്ത തോട്ടണ്ടിക്ക് എന്തുവില നൽകിയെന്നും ഫാക്ടറിസൈറ്റിൽ എത്തിക്കുമ്പോൾ ഇംപോർട്ട് ഡ്യൂട്ടി, മറ്റു നികുതികൾ, ട്രാൻസ്പോർട്ട് ചാർജ്ജ് എന്നിവ ഉൾപ്പെടെ കിന്റലിന് എത്ര രൂപ മൊത്തം ചെലവ് വന്നുവെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ):

(എ)&(ബി) കശുവണ്ടി കുത്തക സംഭരണം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ കശുവണ്ടിക്ക് താങ്ങുവില ഏർപ്പെടുത്തുന്നതിന് തൽക്കാലം ഉദ്ദേശിക്കുന്നില്ല.

കശുവണ്ടി വികസന കോർപ്പറേഷൻ കേരളത്തിൽ നിന്നും നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുവേണ്ടി കാസർഗോഡ്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ ഡിപ്പോകൾ തുറന്നും തൃശ്ശൂർ, കൊല്ലം എന്നീ ജില്ലകളിൽ തോട്ടണ്ടി കോർപ്പറേഷന്റെ ഫാക്ടറികളായ ഇരിങ്ങാലക്കുട, കൊട്ടിയം എന്നിവിടങ്ങളിലും സംഭരിക്കുന്നതിന് നടപടി സ്വീകരിച്ച് വരികയാണ്. കാപ്പെക്സ് കണ്ണൂർ ജില്ലയിൽ രണ്ട് യാഡുകൾ തുടങ്ങുന്നതിനും മാർക്കറ്റുവില അനുസരിച്ച് കശുവണ്ടിവാങ്ങുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കാപ്പെക്സിന്റെ കീഴിലുള്ള ഫാക്ടറികളിലും മാർക്കറ്റുവില അനുസരിച്ച് തോട്ടണ്ടി വാങ്ങാൻ നടപടി എടുത്തു വരുന്നു.

1117/2010.

LIBRARY ARCHIVES Kerala Legislative Assembly

(സി) കശുവണ്ടി വികസന കോർപ്പറേഷൻ 1999 ഡിസംബർ മാസത്തിലെ കരാറനുസരിച്ച് ടാൻസാനയായിൽ നിന്നും CDJKL ക്വാളിറ്റി 12000 മെ. ടണ്ണും മൊസാംബിയിൽനിന്നും 3300 മെ. ടണ്ണും കാപ്പെക്സ് CDJKL ക്വാളിറ്റി 1110 ടൺ തോട്ടണ്ടി ജാനുവരി ഫെബ്രുവരി 2000-ൽ ഇറക്കുമതി ചെയ്തിട്ടുണ്ട്. കോർപ്പറേഷൻ ഇറക്കുമതിയായി ഷിപ്പ് ചെയ്ത തോട്ടണ്ടിയിൽ ഇതുവരെ 10000 ടൺ തോട്ടണ്ടി ഡലിവറി എടുത്തു കഴിഞ്ഞു.

(ഡി) കശുവണ്ടി വികസന കോർപ്പറേഷൻ ടാൻസാനിയയിൽ നിന്ന് ഇറക്കുമതി ചെയ്ത 12000 മെ. ടൺ തോട്ടണ്ടി ടണ്ണിന് 1297.7 യു.എസ്. ഡോളറിനും, മൊസാംബിയിൽ നിന്നുള്ള 3300 ടൺ തോട്ടണ്ടി ടണ്ണിന് 1190 യു.എസ്. ഡോളറും വില കപ്പൽ കൂലി അടക്കം ഔട്ടേൺ ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിലാണ് വാങ്ങുന്നത്. ഫാക്ടറി സൈറ്റിൽ എത്തുമ്പോൾ നിശ്ചിത ഔട്ടേണും ക്വാളിറ്റിയും ഉണ്ടെങ്കിൽ ടാൻസാനിയൻ തോട്ടണ്ടിക്ക് ട്രാൻസ് പോർട്ട് ചാർജ്ജുൾപ്പെടെ കിന്റലിന് 5739 രൂപയും മൊസാംബിക് തോട്ടണ്ടിക്ക് 5246 രൂപയും വിലവരും ഡലിവറി എടുത്തതിന്റെ അടിസ്ഥാനത്തിൽ മൊസാംബിക് ഒറിജിൻ തോട്ടണ്ടിക്ക് ടണ്ണിന് 1141 ഡോളർ മാത്രമേ വിലയായുള്ളൂ. ടി തോട്ടണ്ടി ഫാക്ടറിയിൽ എത്തിയപ്പോൾ കിന്റലിന് 5033 രൂപ വിലയായി. കാപ്പെക്സ് അവസാനം ഇറക്കുമതി ചെയ്ത സി.ഡി.ജെ.കെ.എൻ. ടണ്ണിന് 1308 യു.എസ്. ഡോളർ പ്രകാരമാണ് വാങ്ങിയത്. ഫാക്ടറികൾ എത്തുമ്പോൾ അവയ്ക്ക് കിന്റലിന് 5780 രൂപ വിലവരും.

30 (*150) ത്രിതല പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളിലേയ്ക്ക് നടത്തേണ്ട തെരഞ്ഞെടുപ്പിന് വേണ്ടി തയ്യാറാക്കിയ നിലവിലുള്ള വോട്ടേഴ്സ് ലിസ്റ്റ് എന്ന് നടത്തിയ എന്യൂമറേഷന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണെന്ന് വെളിപ്പെടുത്തുമോ;

(ബി) മരിച്ചവരുടേയും സ്ഥലത്തില്ലാത്തവരുടെയും പേരുകൾ വോട്ടേഴ്സ് ലിസ്റ്റിൽ കടന്നുകൂട്ടിയിട്ടുണ്ടോ;

(സി) എന്യൂമറേഷൻ നടത്തി പുതിയ വോട്ടേഴ്സ് ലിസ്റ്റ് ഉണ്ടാക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ)&(ബി) ത്രിതല പഞ്ചായത്തുകളിലേയ്ക്ക് നടത്തേണ്ട തെരഞ്ഞെടുപ്പിനായി എന്യൂമറേഷന്റെ അടിസ്ഥാനത്തിൽ ഇതേവരെ വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കുന്ന വോട്ടർ പട്ടിക സ്വീകരിച്ചുകൊണ്ട് ഭേദഗതികൾ വരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന് വേണ്ടി ഉപയോഗിച്ചുവരികയാണ് ഇതേവരെ ചെയ്തു വന്നിരുന്നത്. അങ്ങനെ ഭേദഗതി വരുത്തുമ്പോൾ മരിച്ചവരേയും നാട് വിട്ടവരേയും ഒഴിവാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly